**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.650** | **04.02.2020-ൽ മറുപടിക്ക്**

## വല്ലപ്പുഴ 33 കെ.വി. സബ് സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ പി | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വല്ലപ്പുഴ 33 കെ.വി. സബ്സ്റ്റേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) & (ബി) | പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ പഞ്ചായത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. എന്നാൽ സമീപ പ്രദേശമായ കീഴായൂരിൽ ഒരു 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഈ സബ്സ്റ്റേഷൻ ഈ വർഷാവസാനത്തോടെ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. വല്ലപ്പുഴയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പ്രസ്തുത സബ്സ്റ്റേഷനിൽ നിന്നും വല്ലപ്പുഴയ്ക്ക് ഒരു 11 കെ.വി ഫീഡർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നത്; പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര സമയമെടുക്കും; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ